പത്രക്കുറിപ്പ്
26-10-2017

## പിഎംഎവൈ (നഗരം)- 34 നഗരസഭകളിൽ സ്ഥലമുള്ള ഏവർക്കും ഭവനം, 21199 വീടുകൾക്ക് കൂടി നിർമ്മാണ അനുമതി

തിരുവനന്തപുരം- കേരളത്തിലെ 34 നഗരസഭകളിൽ കുറഞ്ഞത് ഒരു സെന്റ് ഭൂമിയെങ്കിലും സ്വന്തമായുള്ള ഏവർക്കും പ്രധാനമന്ത്രി ആവാസ് യോജന - നഗരം (പിഎംഎവൈ- നഗരം) പദ്ധതി അനുസരിച്ച് വീടുകൾ നിർമ്മിച്ച് നൽകുന്നതിനുള്ള പദ്ധതിരേഖയ്ക്ക് സംസ്ഥാന തല അനുമതി ലഭിച്ചു. 75 നഗരസഭകൾ സമർപ്പിച്ച പദ്ധതിരേഖകൾക്ക് തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ടി.കെ. ജോസിന്റെ അധ്യക്ഷതയിൽ ചേർന്ന സംസ്ഥാന വിലയിരുത്തൽ സമിതിയും പിന്നീട് ചീഫ് സെക്രട്ടറി ഡോ. കെ.എം. എബ്രാഹം അധ്യക്ഷനായ സംസ്ഥാന തല സാക്ഷനിങ് ആൻഡ് മോണിറ്ററിങ് സമിതിയും അംഗീകാരം നൽകി. ഇതിൽ 34 നഗരസഭകൾ കുറഞ്ഞത് ഒരു സെന്റ് സ്ഥലമെങ്കിലുമുള്ള ഭവനരഹിതരെയെല്ലാം കണ്ടെത്തുകയും അവർക്കെല്ലാം വീടുകൾ നിർമ്മിച്ച് നൽകാനുള്ള പദ്ധതി സമർപ്പിച്ച് അനുവാദം നേടിയെടുക്കുകയുമായിരുന്നു. ആകെ 75 നഗരസഭകളിലായി 21199 വീടുകൾ കൂടി നിർമ്മിക്കുന്നതിനുള്ള അനുമതിയാണ് ലഭിച്ചത്. ഇതോടെ സംസ്ഥാനത്ത് ആകെ 58117 വീടുകൾ നിർമ്മിക്കുന്നതിനുള്ള അനുമതിയായി.

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെയും നഗരസഭകളുടെയും സംയുക്താഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന പിഎംഎവൈ പദ്ധതി എല്ലാവർക്കും ഭവനം എന്ന ലക്ഷ്യത്തോടെയാണ് വർത്തിക്കുന്നത്. കേരളത്തിൽ പദ്ധതിയുടെ നോഡൽ ഏജൻസി കുടുംബശ്രീയാണ്. ആന്തൂർ, ചാലക്കുടി, ചാവക്കാട്, ചെങ്ങന്നൂർ, ചെർപ്പുളശ്ശേരി, ചിറ്റൂർ- തത്തമംഗലം, ഈരാറ്റുപേട്ട, ഏറ്റുമാനൂർ, ഗുരുവായൂർ, ഇരിങ്ങാലക്കുട, കളമശ്ശേരി, കരുനാഗപ്പള്ളി, കട്ടപ്പന, കൊടുങ്ങല്ലൂർ, കൂത്തുപറമ്പ, കോതമംഗംല, കൊട്ടാരക്കര, മാവേലിക്കര, മൂവാറ്റുപുഴ, ഒറ്റപ്പാലം, പാലാ, പാനൂർ, പരപ്പനങ്ങാടി, പട്ടാമ്പി, പെരുമ്പാവൂർ, പുനലൂർ, ഷൊർണ്ണൂർ, സൗത്ത് പരവൂർ, തലശ്ശേരി, തിരുവല്ല, തൊടുപുഴ, വൈക്കം, വളാഞ്ചേരി, വർക്കല എന്നീ നഗരസഭകളാണ് കുറഞ്ഞത് ഒരു സെന്റ് ഭൂമിയെങ്കിലുമുള്ള ഭവനരഹിതരയെല്ലാം കണ്ടെത്തി അവർക്ക് വീടുകൾ നിർമ്മിച്ച് നൽകാനുള്ള അനുമതി നേടിയെടുക്കുകയും ചെയ്തത്. 93 നഗരസഭകളിൽ ബാക്കിയുള്ള എല്ലാ നഗരസഭകളിലെയും സ്ഥലമുള്ള മുഴുവൻ ഗുണഭോക്താക്കളെയും ഉൾപ്പെടുത്തിയ വിശദമായ പദ്ധതിരേഖ നവംബർ ഒമ്പതിനകം സമർപ്പിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ നഗരസഭകളിലായി 13000 വീടുകൾക്ക് കൂടി അനുമതി കിട്ടിക്കഴിഞ്ഞാൽ കേരളത്തിലെ നഗരങ്ങളിൽ വസ്തുവുള്ള എല്ലാവർക്കും ഭവനമാകും. ഇത് കൂടാതെ 15 നഗരങ്ങളിൽ വസ്തു ഇല്ലാത്തവരെ കണ്ടെത്തിയിട്ടുണ്ട്, അടുത്ത സാമ്പത്തിക വർഷത്തോടെ ഇവർക്കും പദ്ധതി പ്രകാരം വീടുകൾ നിർമ്മിച്ചു നൽകും. ഇതോടെ ഈ നഗരങ്ങളിൽ ഭവനരഹിതരേയുണ്ടാകില്ല.

നഗരസഭകളിൽ കുറഞ്ഞത് ഒരു സെന്റ് ഭൂമിയെങ്കിലും സ്വന്തമായുള്ളവർക്ക് വീട് നിർമ്മാണത്തിനായി മൂന്ന് ലക്ഷം രൂപയാണ് പിഎംഎവൈ പദ്ധതി പ്രകാരം സഹായധനമായി നൽകുന്നത്. ഗുണഭോക്തൃ കേന്ദ്രീകൃത ഭവന നിർമ്മാണം എന്ന ഘടകത്തിൽ നടപ്പിലാക്കുന്ന ഈ പദ്ധതിയ്ക്കായി ചെലവാകുന്ന മൂന്ന് ലക്ഷം രൂപയിൽ കേന്ദ്രം ഒന്നര ലക്ഷം രൂപ നൽകും. ശേഷിച്ച തുക സംസ്ഥാന- നഗരസഭാ വിഹിതവും. കേരളത്തിൽ ഈ പദ്ധതി പ്രകാരം ഇതുവരെ 229 വീടുകളുടെ നിർമ്മാണം പൂർത്തിയായിക്കഴിഞ്ഞു. 12168 വീടുകളുടെ നിർമ്മാണം നടന്നുകൊണ്ടിരിക്കുകയാണ്. ചേരീവികസനം, ക്രെഡിറ്റ് ലിങ്ക്ഡ് സബ്സിഡി, അഫോർ ഡബിൾ ഹൗസിങ് സ്കീം, വ്യക്തിഗത നിർമ്മാണം എന്നീ നാല് വ്യത്യസ്ത ഘടകങ്ങൾ സംയോജിപ്പിച്ചു കൊണ്ടാണ് പദ്ധതി നടപ്പിലാക്കുന്നത്. നടപ്പുവർഷം കേരളത്തിലെ എല്ലാ നഗരസഭകളിലും സ്ഥലമുള്ള ഏവർക്കും വീടുകൾ നിർമ്മിച്ചു നൽകാനുള്ള പദ്ധതിക്ക് അംഗീകാരം നേടിയെടുക്കാനാണ് ലക്ഷ്യമിടുന്നത്.

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ